ലേഖനം നമ്പർ - 22

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## തുടർന്നുള്ള മൂന്നു തുബ്ദേൻ

ഇതു മുതൽ മൂന്നു തുബ്ദേനുകൾ വാങ്ങി പോയിരിക്കുന്നവരെ ഓർമ്മിക്കുന്നതിനുള്ളവയാണ്. ദൈവമാതാവ്, നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ എന്നിവരെ ഓർക്കുന്നതിനുള്ള പ്രാർത്ഥനയാണിത്. കുർബ്ബാന അർപ്പിക്കുന്ന പള്ളിയോ, വശങ്ങളിലെ ത്രോണോസുകളോ മുകളിൽ പറഞ്ഞ ഗണത്തിൽപെട്ട ആരുടെയെങ്കിലും നാമത്തിലുള്ളതെങ്കിൽ അവരുടെ പേരും, ആരുടെയെങ്കിലും പെരുന്നാളാണെങ്കിൽ അവരുടെ പേരും ഓർക്കേണ്ടതാണ്.

അഞ്ചാം തുബ്ദേനിൽ ഓർത്തഡോക്സ് സത്യ വിശ്വാസത്തിന് അടിസ്ഥാനമിട്ട നിഖ്യാ (325 AD), കുസ്തന്തീനോ പോലീസ് (318), എഫെസൂസ് (431) എന്നീ മൂന്ന് സാർവ്വത്രീക സുന്നഹദോസുകളെയും സഭയുടെ സത്യവിശ്വാസത്തെ അഭംഗുരം കാത്തു പരിപാലിക്കുവാൻ അനവരതം യത്നിച്ച, AD 600 വരെ ജീവിച്ചിരുന്ന എല്ലാപരിശുദ്ധ പിതാക്കന്മാരേയും ഓർക്കുന്നു.

ആറാം തൂബ്ദേനിൽ മിശിഹായോടു ബന്ധപ്പെട്ട് വി. മാമോദീസായുടെ മുദ്രപതിപ്പിക്കപ്പെട്ട, തിരുശരീര രക്തങ്ങൾ അനുഭവിച്ചിട്ടുള്ളവരായി നമ്മിൽ നിന്നും വാങ്ങിപ്പോയ സകല വിശ്വാസികളേയും, മാതാപിതാക്കന്മാരെയും, ഗുരുക്കന്മാരെയും, അവർക്കുവേണ്ടി വി. കുർബ്ബാന അണച്ചിട്ടുള്ളവരെയും ആർക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നുവോ അവരെയും ഓർക്കുന്നു. ബലഹീനരായ അവരുടെ പിഴകളും പാപങ്ങളും മായിച്ച് പിതൃസന്നിധിയിൽ പ്രകാശ ഭവനങ്ങളിൽ അവരെ എല്ലാവരെയും പ്രവേശിപ്പിക്കേണമേ എന്നപേക്ഷിക്കുകയും ചെയ്യുന്നു. ഇതോടെ മദ്ധ്യസ്ഥ പ്രാർത്ഥന സമാപിക്കുന്നു. ശുശ്രൂഷകന്റെ ഉത്ബോധന പ്രകാരം ജനങ്ങൾ മൂന്നു പ്രാവശ്യം "കുറിയേലായിസോൻ" എന്നു ചൊല്ലുന്നു.

ആറാമത്തെ തുബ്ദേനുശേഷം പട്ടക്കാരൻ വാങ്ങിപ്പോയ സകല വിശ്വാസികൾക്കും വേണ്ടി പിതാവായ ദൈവത്തോട് അപേക്ഷിക്കുന്നു. "സത്യവിശ്വാസപൂർവ്വം ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞു പോയിരിക്കുന്ന എല്ലാവരെയും നീ ഓർത്തുകൊള്ളേണമെ. അവരുടെ ശരീരങ്ങളെയും ആത്മാക്കളെയും ആശ്വസിപ്പിക്കേണമെ. അനന്തമായ ശിക്ഷാവിധിയിൽ നിന്ന് അവരെ രക്ഷിക്കേണമെ. അവരുടെ തെറ്റുകൾ മായിക്കേണമെ. അവരുടെ ശക്ഷാവിധിക്ക് നീ തുനിയരുതെ. എന്തെന്നാൽ നിന്റെ ഏക പുത്രൻ മാത്രമല്ലാതെ തിരുസന്നിധിയിൽ കുറ്റം തീർന്നവർ ആരുമില്ലല്ലോ. അവൻമൂലമുള്ള കരുണയും, പാപമോചനവും പ്രാപിപ്പാൻ വേണ്ടി ഞങ്ങളും അവരും അവനിൽ തന്നെ ശരണപ്പെടുന്നു". ഇതേ തുടർന്ന് പ്രതിവാക്യമായി ജനം "ദൈവമെ സത്യവിശ്വാസത്തിൽ ഞങ്ങളിൽ നിന്നു വാങ്ങിപ്പോയിരിക്കുന്ന.... പിഴകളെ ക്ഷമിക്കേണമെ" എന്നു ചൊല്ലുന്നു.

ഇതേൽതുടർന്ന് പട്ടക്കാരൻ പുത്രനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള രണ്ടാമത്തെ റൂശ്മാ നൽകുന്നു. "വലിയവനും നമ്മുടെ രക്ഷിതാവുമായ യേശുമിശിഹായാകുന്ന ദൈവത്തിന്റെ കരുണ, എന്റെ സഹോദരങ്ങളെ നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ" (1. കൊരി. 16-23). റൂശ്മ ചെയ്തശേഷം മറയിടുന്നത് യേശുവിന്റെ മരണസമയത്ത് സൂര്യൻ ഇരുണ്ടതും, ഇരുട്ടു പരന്നതിനെയുമാണ് സൂചിപ്പിക്കുന്നത് (ലൂക്കോ 23:44). മാത്രമല്ല നമ്മുടെ കർത്താവിന്റെ മരണം, കബറടക്കം, ഉയിർപ്പ് ഇവ മൂന്നും സൂര്യപ്രകാശം ഇല്ലാത്തപ്പോൾ സംഭവിച്ചതിനാൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷ മറയിട്ടുകൊണ്ട് നിർവ്വഹിക്കുന്നത് അർത്ഥവത്താണ്. ഇനി നടക്കാൻ പോകുന്ന കർമ്മങ്ങൾ യേശുക്രിസ്തുവിന്റെ ക്രൂശുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവയാണ്.

*(തുടരും...)*

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനായോഗങ്ങൾ

| St. George Unit (Kaloor Area) | St. Thomas Unit (North - Pachalam Area) | St. Gregorious Unit (Elamkulam Area) |
|---|---|---|
| 01/02/2015 Mr. P.C. Samuel, Panackacheril, Lisie Hospital Road, Spices Street, Cochin-18, Tel: 2400438 | 15/02/2015 Mr. P.T. George, Porathoor House, Market Road, Kombara, Cochin-18, Tel: 2390473 | 22/02/2015 Daniel Oomen, Mannil, 28/1343F, K.P. Vallon Road, Near Padom Stop, Kadavanthra, Cochin-20, Tel: 2313033 |




Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ● ISSUE : 02 FEBRUARY 2015

## എഡിറ്റോറിയൽ

### സെൽഫി

ഈയിടെ എല്ലാവരും കേൾക്കാൻ തുടങ്ങിയ ഒരു വാക്കാണല്ലോ "സെൽഫി" എന്നത്. മൊബൈൽ ഫോണിൽ സ്വന്തമായി ഫോട്ടോകൾ എടുക്കുന്നതിനെയാണ് സെൽഫി എന്നു വിശേഷിപ്പിച്ചു തുടങ്ങിയത്. ചില പദങ്ങൾ വളരെ വേഗം ജനകീയമാകുന്നതിന്റെ ഉദാഹരണം കൂടിയാണിത്. ഇപ്പോൾ നമുക്കുവേണ്ടി നാം തന്നെ ചെയ്യുന്ന പല കാര്യങ്ങൾക്കും സെൽഫി പ്രയോഗം ഉപയോഗിക്കുന്നു.

നാം നമ്മെത്തന്നെ നോക്കുന്ന ഈ "സെൽഫി" നമ്മുടെ ജീവിതം സുന്ദരമാക്കാൻ ഉപയോഗിക്കാമല്ലോ. എല്ലാ ദിവസവും രാവിലെ നാം നമ്മെത്തന്നെ ഒന്നു വിലയിരുത്തണം. ഓരോ ദിവസവും പ്രാർത്ഥനയോടെ ആരംഭിക്കുകയും അന്നത്തെ ദിവസം ചെയ്യുവാനുദ്ദേശിക്കുന്ന കാര്യങ്ങൾ നമുക്കും, നാം ഉൾപ്പെട്ട സമുദായത്തിനും പ്രയോജനപ്പെടുവാനും, അതിനുള്ള സാഹചര്യവും, കഴിവുമുണ്ടാകാൻ ശ്രമിക്കുകയും ചെയ്യണം.

മറ്റുള്ളവരുടെ കുറ്റവും കുറവുകളും കണ്ടുപിടിക്കുവാൻ നമുക്കെളുപ്പം കഴിയുന്നുണ്ട്. നമ്മിൽ പലരും അതൊരു വ്രതമാക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ സെൽഫി എടുത്ത് ഒന്ന് പരിശോധിച്ചാൽ നമുക്ക് പല കാര്യങ്ങൾ ബോദ്ധ്യപ്പെടുവാൻ സാധ്യതയുണ്ട്. ഇത് നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള ഒരു പ്രചോദനമാകുകയും, അതി ലേക്ക് നമ്മുടെ ചിന്തകളും മനസ്സും പാകപ്പെടുത്തിയെടുക്കുകയും ചെയ്യുവാൻ കഴിയും.

നമ്മിൽ പലരും നാം പഠിച്ചിട്ടുള്ള പ്രാർത്ഥനകളും സഭ പറയുന്ന ആചാരങ്ങളും ഒരു മുടക്കവും കൂടാതെ ചെയ്യുന്നവരായിരിക്കും. അതേസമയം ഇവ ചെയ്യുന്നതിന്റെ പ്രയോജനം നമുക്കു ണ്ടാകാനുള്ള യോഗ്യത നമുക്കുണ്ടോ എന്ന് ചിന്തിക്കുന്നത് ആവശ്യ മാണ്. അതിനുള്ള മാർഗ്ഗം നാം ചെയ്യുന്ന കാര്യങ്ങൾ എല്ലാ ദിവസവും ഒന്നു പരിശോധിക്കുകയാണല്ലോ. നമ്മുടെ പ്രവർത്തികൾ തന്നെയായിരിക്കും നമ്മുടെ പ്രാർത്ഥനകൾ സഫലമാകുമോ? നിഷ്ഫലമാകുമോ? എന്നുള്ളതിന്റെ മാനദണ്ഡവും. ഒരു തിരിഞ്ഞുനോട്ടമല്ല, മുൻപോട്ടുള്ള കാര്യങ്ങൾ നോക്കിക്കാണുകയും അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയുമാണ് ഇതിനാവശ്യം. നമുക്കെന്തു ചെയ്യുവാൻ സാധിക്കുമെന്നുള്ളതിന് പലപ്പോഴും അതിരുണ്ടായിരിക്കയില്ല, മനസ്സുണ്ടെങ്കിൽ.

ഒരിക്കൽ ഏബ്രഹാംലിങ്കന് തടവുകാരായി പിടിക്കപ്പെട്ടവരുടെ ആയിരക്കണക്കിന് മാപ്പപേക്ഷകൾ ലഭിച്ചു. സ്വാധീനശക്തിയുള്ളവരുടെ ശുപാർശകളും അതിന്റെയെല്ലാം കൂടെയുണ്ടായിരുന്നു. കത്തുക ളുടെ കൂട്ടത്തിൽ ഒരു ശുപാർശയുമില്ലാത്ത ഒരെണ്ണം കണ്ടപ്പോൾ ലിങ്കന് അതിശയം തോന്നി. അദ്ദേഹം അതെടുത്ത് തിരിച്ചും മറിച്ചും നോക്കിയിട്ട് സെക്രട്ടറിയോടിങ്ങിനെ ചേദിച്ചു."ഈ മുനഷ്യന് ഒരു സ്നേഹിതനുമില്ലേ?" സെക്രട്ടറി പറഞ്ഞു: "ഇല്ല സാർ അയാൾക്കാരുമില്ലാത്തവനാണ്." "എങ്കിൽ ഞാനവന്റെ സ്നേഹിതനായിരിക്കും. ഇതാ, മാപ്പപേക്ഷ സ്വീകരിച്ചതായി റിപ്പോർട്ട് ചെയ്തുകൊള്ളൂ"

ഇങ്ങിനെയുള്ള ഒരു നല്ല മനസ്സ് നമുക്കുണ്ടാകണമെങ്കിൽ നാം നമ്മുടെ പ്രവർത്തികൾ നമ്മിലേക്കു തന്നെനോക്കി പാകപ്പെടുത്തേണ്ടതുണ്ട്. അങ്ങിനെയെങ്കിൽ നമുക്ക് പ്രാർത്ഥന ചുരുക്കുവാൻ സാധിക്കും. "ഞങ്ങൾക്ക് നല്ലതു ചെയ്യുവാനുള്ള കഴിവും, സൗകര്യവുമുണ്ടാക്കിത്തരേണമെ, ദൈവമേ" എന്നു മാത്രമായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. കൂടെ, എല്ലാ ദിവസവും രാവിലെ അതിനു നമുക്ക് കഴിയുന്നുണ്ടോ എന്ന് നമ്മുടെ സെൽഫി എടുത്ത് പരിശോധിക്കയുമാവാം.

## ഇടയ ലേഖനം

### ദൈവത്തിന്റെ മനസ്സ്

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



വിഷയ തീവ്രതകൊണ്ടും "ഹൃസ്വ" കാലയളവിലുള്ളതാകയാലും, മിക്കവാറും സമസ്തവിശ്വാസികളും ആത്മാർത്ഥമായി ആചരിക്കുന്നതിനാലും "നിനവെ നോമ്പ്" മറ്റുള്ള നോമ്പുകളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു. ദൈവത്തിന്റെ സ്വരൂപ-സാദൃശ്യങ്ങളിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് "ദൈവത്തിന്റെ മനസ്സ്" അപ്രാപ്യമാണെന്നു ധരിക്കുക വയ്യ. മറ്റൊരു സൃഷ്ടിക്കും സാധ്യമാകാത്തവിധം ദൈവത്തിന്റെ മനസ്സ് തിരിച്ചറിയാനും അനുകരിക്കാനും മനുഷ്യനു സാധിക്കുന്നു. സ്നേഹസ്വരൂപനായ ഈശ്വരനെ "കൃപയും, കരുണയും, ദീർഘക്ഷമയും, മഹാദയയുമുള്ളവൻ" എന്ന് സങ്കീർത്തന കർത്താവ് തിരിച്ചറിഞ്ഞിട്ടുണ്ട് (16:15). ദൈവനിയോഗം പ്രാപിച്ച "തെരഞ്ഞെടുക്കപ്പെട്ട" ദീർഘദർശിയായ യോനക്കും ഈ സത്യം അറിയാമായിരുന്നു(4:2). പിന്നെ എന്തേ കാര്യങ്ങൾ ഇങ്ങനെയെല്ലാമായി?

കേവലം "അറിവ്" കൊണ്ടുമാത്രം ഒന്നുമാകുന്നില്ല. അറിഞ്ഞതിനെ സ്വീകരിച്ച്, അത് സ്വജീവിതത്തിൽ അപ്പാടെ പകർത്തി, പ്രവൃത്തിപഥത്തിലെത്തുമ്പോഴാണ് "അറിവ്" ജ്ഞാനമായി പരിണമിക്കുക. ദൈവം കുറ്റക്കാരായ മനുഷ്യരെ അന്തിമമായി സമൂലം നശിപ്പിക്കയില്ല എന്നു ചിന്തിക്കുന്നവരുണ്ട്. അത് ദൈവം തന്നെ നിശ്ചയിക്കേണ്ട കാര്യമാണല്ലോ. എന്നാൽ "കൃപ" വർദ്ധിക്കേണ്ടതിന് "പാപം ചെയ്തുകൊണ്ടിരിക്കുക" എന്ന ചിന്തയെ പൗലോസ് അപ്പോസ്തോലൻ നിരാകരിക്കുന്നുണ്ട്. "എല്ലാം ക്ഷമിക്കുന്നവനാണ് ദൈവം, അതുകൊണ്ട് മനുഷ്യന് എന്തു തിന്മയും ചെയ്യാം" എന്ന സങ്കല്പം ആത്മഹത്യാപരമായിരിക്കും.

ദൈവം കുറ്റക്കാരെ നേർവഴിക്കുവരുത്താൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നു. ആ ഉദ്ദേശ്യസാദ്ധ്യത്തിന് "തെരഞ്ഞെടുക്കപ്പെട്ടവരെ" നിയോഗിക്കുകയും ചെയ്യുന്നു. അത്തരം ഒരു നിയമനമാണ് യോനക്കു ലഭിച്ചത്. ദൈവത്തിന്റെ പ്രവർത്തനശൈലിയുടെ ശുദ്ധിയും ഉദ്ദേശ്യവും തിരിച്ചറിഞ്ഞ് നിറവേറ്റേണ്ടതിനു പകരം "തെററിപ്പോകുന്ന മനുഷ്യൻ" എന്ന യോന സ്വന്തം താല്പര്യത്തിലേക്കു തിരിഞ്ഞു. തന്നെയുമല്ല, ഒരു ജനത മുഴുവൻ നശിച്ചുപോകുന്നതിനെപ്പറ്റി അല്പംപോലും വേദന അദ്ദേഹത്തിന് തോന്നിയില്ല. യോനയെ ദൈവത്തിന്റെ മനസ്സെന്തെന്ന് പഠിപ്പിച്ചുകൊടുക്കുവാൻ ദൈവം പാടുപെടുന്നു.

മാനസാന്തരത്തിലേക്കും അനുതാപത്തിലേക്ക് നിനവ വാസികളും യോനയും വിളിക്കപ്പെട്ടു. നിനവയിലെ ജനങ്ങൾ ഉടനടി ആത്മാർത്ഥതയോടെ അതിനോട് പ്രതികരിച്ചു. യോനക്ക് അതു തോന്നിയില്ല. "ദൈവമനുഷ്യരുടെ" ഹൃദയകാഠിന്യത്തിന് ഒരു ദൃഷ്ടാന്തം.

വഴിതെറ്റുന്നവരെ വിട്ടുകളയാത്ത സ്നേഹം ഒരു വശത്ത്, അതിന്റെ നേരെ കൗശലപൂർവ്വം പുറം തിരിക്കുന്ന പ്രവാചകൻ മറുവശത്ത്, ഇവിടെ മുറിപ്പെടുന്നതും വേദനിക്കുന്നതും ദൈവത്തിന്റെ മനസ്സല്ലേ. സ്വന്തം സങ്കല്പങ്ങൾ പലതും സ്വസ്ഥതയിലും താൻപോരിമയിലും ഊന്നിയതാവാനാണ് സാദ്ധ്യത. ഇവിടെയെല്ലാം മറനീക്കി പുറത്തു വരുന്ന സത്യമിതാണ്. ദൈവസ്നേഹത്തിനുമുൻപിൽ ആയുധം വച്ചു കീഴടങ്ങി, മദർ തെരേസയുടെ ഭാഷയിൽ "ദൈവത്തിന്റെ അടിമ" യാകാൻ തക്കവിധം വിനയപ്പെടുന്നവരാണ് ദൈവത്തിന്റെ മനസ്സുള്ള ധർമ്മിഷ്ഠരായി വളരുന്നത്. നമുക്ക് നമ്മുടെ സ്വന്തം മനസ്സും, താൽപര്യങ്ങളും കണക്കുകൂട്ടലുകളുമുണ്ട്. ദൈവത്തിന്റെ മനസ്സ് നമ്മിൽ സ്ഥാപിക്കാൻ അവധാനതയോടെ ശ്രമിക്കുകവഴി മാത്രമെ എല്ലാ അസ്വസ്ഥതകൾക്കും ഈ ലോകത്തിൽ വ്യക്തി ബന്ധങ്ങളെ വിളക്കി ചേർക്കുന്നതും സമാധാനം സ്ഥാപിക്കുന്നതും അക്രമം കുറച്ചു കൊണ്ടുവന്ന് വിശുദ്ധിയുടെ സുപ്രഭമായ "ഉദയം" വരുത്തുന്നതും ഒന്നുമാത്രം, ദൈവത്തിന്റെ മനസ്സ്.

## വികാരിയുടെ കത്ത്

# നോമ്പ്

**ഫാ. അലക്സ് പി. ജോർജ്ജ്**



നോമ്പിന്റെ വലിയ ദിനങ്ങളിലേക്ക് പ്രവേശിക്കുവാൻ നമ്മൾ ഒരുങ്ങുകയാണല്ലൊ. കേവല ഭക്ഷണവർജ്ജനവും പ്രാർത്ഥനയും മാത്രമാണോ നോമ്പ്? അല്ല. നോമ്പ് പ്രവൃത്തിപഥത്തിലേക്ക് നീളേണ്ടതാണ്. യെശ: 58-ാം അദ്ധ്യായത്തിൽ നോമ്പിന്റെ മറ്റൊരു വശം വെളിപ്പെടുത്തുന്നുണ്ട്. ഭക്ഷണവർജ്ജനവും, പ്രാർത്ഥനയും നാം അനുഷ്ഠിക്കുന്നുണ്ട്. എന്നാൽ നാം നോമ്പ് അനുഷ്ഠിച്ചതിനെ എങ്ങനെ വെളിപ്പെടുത്തുവാൻ സാധിക്കും. ഞാൻ "നോമ്പുനോറ്റു" എന്ന പരസ്യ പ്രചരണമല്ല അതിന് മാർഗ്ഗം. യെശ: 58:6,7 "അന്യായബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഢിതരെ സ്വതന്ത്രരായി വിട്ടയക്കുക, എല്ലാ നുകത്തെയും തകർക്കുക, ഇതല്ലയോ എനിക്കിഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറെക്കാതിരിക്കുന്നതും അല്ലയോ?" ഭക്ഷണം ഉപേക്ഷിച്ച് പ്രാർത്ഥനയിൽ ഉറ്റിരുന്ന് നന്മ ചെയ്യുന്നതാണ് യഥാർത്ഥ നോമ്പനുഷ്ഠാനം. ഈ മൂന്ന് കാര്യങ്ങൾ ഉൾപ്പെടുത്തി നോമ്പനുഷ്ഠിക്കുന്ന എത്ര വിശ്വാസികൾ ഈ സഭയിലുണ്ട്? നോമ്പ് പൂർണ്ണമായി തീരുന്നത് പരസ്പരസ്നേഹത്തിലൂടെ മാത്രമാണ്.

നോമ്പിനു ശേഷം മനുഷ്യനിൽ എന്ത് മാറ്റമാണ് വരുന്നത? ഈ ചോദ്യത്തിന്റെ ഉത്തരങ്ങൾ വി. മത്തായി.4:1-11 വരെയുള്ള വേദഭാഗം നൽകുന്നു. ക്രിസ്തു നേരിട്ട പരീക്ഷണങ്ങളാണ് ഈ ഭാഗത്ത് പരാമർശിക്കുന്നത്. 40 ദിവസത്തെ ഉപവാസത്തിനു ശേഷം സാത്താൻ ക്രിസ്തുവിനെ പരീക്ഷിച്ചു.

ആദ്യത്തെ പരീക്ഷണം: കല്ലിനെ അപ്പമാക്കുക എന്നതായിരുന്നു. ഈ വാചകത്തിനൊരു പാഠഭേദമുണ്ട്. മരുഭൂമിയിൽ അപ്പം പോലെ തോന്നിപ്പിക്കുന്ന ചുണ്ണാമ്പുകല്ലുകൾ ഉണ്ടത്രെ. ഈ കല്ലുകളെ ഭക്ഷിക്കാനാണ് സാത്താൻ പറഞ്ഞത്. സത്യം എന്താണ് മിഥ്യ എന്താണ് എന്ന തിരിച്ചറിവ്. ഈ പരീക്ഷ വിജയിച്ചതിലൂടെ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. സത്യത്തിന്റെ വസ്ത്രമണിഞ്ഞ് അസത്യം നാടുചുറ്റുന്ന കാലമാണല്ലൊ ഇത്. തിരിച്ചറിവുകൾ ഏറെ ആവശ്യമുള്ള കാലമാണിത്. യുവതലമുറയൊക്കെ കാലിടറി വീഴുന്ന പരീക്ഷണമാണിത്. അവരുടെ തിരഞ്ഞെടുപ്പുകൾ പലപ്പോഴും പാളിപ്പോകുന്നു. മാതാപിതാക്കൾ ശ്രദ്ധിക്കുക! ആത്മാർത്ഥമായി നോമ്പനുഷ്ഠിക്കാൻ മക്കളെ പഠിപ്പിക്കണം.

രണ്ടാമത്തെ പരീക്ഷണം: ദേവാലയത്തിന്റെ അഗ്രത്തിൽ നിന്നു താഴേക്ക് ചാടുക എന്നതാണ്. എന്താണിതിന്റെ അർത്ഥം. നോമ്പനുഷ്ഠാനത്തിലൂടെ നമ്മുടെ ഉന്നതാവസ്ഥയെ കുറിച്ച് ബോധ്യം വേണം. എന്താണ് നമ്മുടെ ഉന്നതമായ സ്ഥാനം. ദൈവമക്കൾ എന്ന സ്ഥാനം. ദൈവത്തെ പരീക്ഷിക്കരുത് എന്ന പാഠം കൂടി നോമ്പിലൂടെ നാം മനസ്സിലാക്കണം. പരീക്ഷച്ചറിയാൻ ദൈവം ലോകത്തിന്റെ യുക്തിക്കോ, ശാസ്ത്രസത്യങ്ങൾക്കോ വിധേയനല്ല. ദൈവത്തെ മനുഷ്യർ അനുഭവിച്ചറിയുകയാണ്. ഈ അറിവ് ബുദ്ധിയുടെയും വാക്കുകളുടെയും വിവരങ്ങൾക്ക് അപ്പുറമാണ്.

മൂന്നാമത്തെ പരീക്ഷണം: സാത്താനെ നമസ്കരിച്ചാൽ ലോകത്തിന്റെ എല്ലാ മഹത്വങ്ങളും നൽകാം. നോമ്പിലൂടെ മനസ്സിലാക്കേണ്ട മറ്റൊരു സത്യമാണ്, സ്രഷ്ടാവിനെ മാത്രമെ ആരാധിക്കാവൂ എന്ന സത്യം. മനുഷ്യൻ പലപ്പോഴും സൃഷ്ടിയെ ആരാധിക്കുന്നവനായി മാറുകയാണ്. സൃഷ്ടി ദൈവമായി മാറുകയാണ്. ആധുനിക മനുഷ്യൻ സ്വയം നിർമ്മിച്ച വസ്തുക്കൾക്ക് പോലും അടിമയായി മാറുന്നു.

നോമ്പ് ആരംഭിക്കുന്നതിന് മുമ്പ് ഓർക്കുക, ഈ ദിവസങ്ങൾ ശ്രേഷ്ഠമാണ്. പ്രാർത്ഥനയിലൂടെ, ഉപവാസത്തിലൂടെ, നമ്മുടെ ഹൃദയം ആർദ്രമാവണം. ബുദ്ധി തെളിയണം. വിശുദ്ധിയോടെ നോമ്പനുഷ്ഠിച്ച്, നന്മ ചെയ്ത്, സത്യം മനസ്സിലാക്കി, നമ്മുടെ ഉന്നതാവസ്ഥയെ തിരിച്ചറിഞ്ഞ്, സ്രഷ്ടാവിനെ ആരാധിക്കുന്നവരായി തീരുവാൻ സാധിക്കട്ടെ. ■

## വിശേഷ ദിവസങ്ങൾ

**ഫെബ്രുവരി**

| | | |
|---|---|---|
| 02 | തിങ്കൾ | മായൽത്തോ പെരുന്നാൾ, പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മ (കണ്ടനാട്, കർമ്മേൽ ദയറാ) |
| 08 | ഞായർ | വാങ്ങിപ്പോയവരുടെ ഓർമ്മ |
| 09 | തിങ്കൾ | പ്രഥമ വികാരി ജേക്കബ്ബ് മുരിക്കലച്ചന്റെ ഓർമ്മ |
| 15 | ഞായർ | കൊത്നെ ഞായർ |
| 16 | തിങ്കൾ | ശുബ്ക്കോനോ ശുശ്രൂഷ 11.00 am |
| 22 | ഞായർ | ഗർബൊ ഞായർ |
| 23 | തിങ്കൾ | പ. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ |

25th DEATH ANNIVERSARY
26-02-2015



K.M. KUNJUKOSHY MUTHALALY
O.S.S.A.E DIRECTOR KOCHI DIOCESE
(1986 - 1990)
KALLOT, ERNAKULAM

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

കലൂർ കിഴക്കേക്കര ശ്രീ ജോൺസൺ ജോസഫിന്റെയും ശ്രീമതി ശോശാമ്മയുടെയും മകൻ **ജോസഫ്** (Dhyan Johnson Joseph) 17.01.2015-ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം

എറണാകുളം കാര്യത്ത് ശ്രീ. കുര്യൻ തോമസിന്റെയും ശ്രീമതി മിനിയുടെയും മകൻ **തോമസ് കാര്യത്തും** (TONY) പിറവം കൊളങ്ങയിൽ ശ്രീ. ബേബി ജോണിന്റെയും ശ്രീമതി ബേബിയുടെയും മകൾ **BLESSY**-യും തമ്മിലുള്ള വിവാഹം 4.01.2015-ൽ കത്തീഡ്രലിൽ നടന്നു.

കവെന്ത്ര ഇന്ദിരാനഗർ കൊച്ചുപാറേട്ട് ശ്രീ.ജോർജ്ജ് മാത്യു ഫിലിപ്പിന്റെയും ശ്രീമതി ശോഭാ ജോർജ്ജിന്റെയും മകൻ **ZUBIN MATHEW**-വും വാകത്താനം പാതിയപ്പള്ളിൽ ശ്രീ.ബാബു കുര്യന്റെയും ശ്രീമതി സുനു ബാബു കുര്യന്റെയും മകൾ **MARIAM KURIAN**-നും തമ്മിലുള്ള വിവാഹം 11.01.2015-ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം അയ്യപ്പൻകാവ് മടത്തിവേലിൽ കണ്ടത്തിൽ പരേതനായ ശ്രീ. ജേക്കബ്ബ് മാത്യുവിന്റെയും ശ്രീമതി റേച്ചൽ മാത്യുവിന്റെയും മകൻ **ARUN JACOB MATHEW**-വും കവിയൂർ കണ്ണംകുളത്ത് കാഞ്ഞിരകുന്ന് ശ്രീ.ജോസഫ് പോത്തന്റെയും ശ്രീമതി മേരി പോത്തന്റെയും മകൾ **NAMITHA**-യും തമ്മിലുള്ള വിവാഹം 18.01.2015ൽ നിരണം ഭദ്രാസന മെത്രാപ്പോലീത്ത H.G. Dr. Yuhanon Mar Chrisostomus തിരുമേനി കത്തീഡ്രലിൽ ആശീർവദിച്ചു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*





## ഇടവകപ്പെരുന്നാൾ







ജനുവരി 17, 18 തീയതികളിൽ ഇടവക പെരുന്നാൾ ആചരിച്ചു. അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ശനിയാഴ്ച സന്ധ്യാ നമസ്കാരത്തിനു ശേഷം അഭി. മെത്രാപ്പോലീത്ത തിരുവചന ശുശ്രൂഷ നിർവഹിച്ചു തുടർന്ന് പള്ളിക്കു ചുറ്റും പ്രദക്ഷിണമുണ്ടായിരുന്നു. ഞായറാഴ്ച വി. കുർബ്ബാനാനന്തരം നടന്ന പ്രദക്ഷിണം, ധൂപപ്രാർത്ഥന, ആശീർവ്വാദം, നേർച്ചവിളമ്പ് ഇവക്ക് ശേഷം പ്രഭാതഭക്ഷണവും ഉണ്ടായിരുന്നു .

## ഇടവകദിനം







ജനുവരി 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം ഇടവകദിനവും, ആദ്ധ്യാത്മിക സംഘടന വാർഷികവും നടന്നു. സംഘടന ഭാരവാഹികൾ റിപ്പോർട്ട് അവതരിപ്പിക്കുകയും, സൺഡേ സ്ക്കൂൾ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ബഹു: മത്തായി ഇടയനാലച്ചൻ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു.



സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ X-mas Carol Team, "Singout loud-season 2" മനോരമ Online ഓൾ ഇൻഡ്യ തലത്തിൽ നടത്തിയ വോട്ടെടുപ്പിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ മനോരമ Online CEO മറിയം മാമ്മൻ മാത്യുവിനോടൊപ്പം.



മനോരമ "Sing out loud-season2"രണ്ടം സ്ഥാനം കരസ്ഥമാക്കിയപ്പോൾ ലഭിച്ച 25,000/- രൂപായുടെ ചെക്കും മെമന്റോയും മായാ മാത്യുവും ചെറിയാൻ കോരയും പള്ളി സെക്രട്ടറി വി.എൻ.ഫീലിപ്പോസിനു കൈമാറുന്നു. ◀

**കത്തീഡ്രലിൽ മൂന്ന് നോമ്പ് :** ജനുവരി 26 മുതൽ 29 വരെ കത്തീഡ്രലിൽ മൂന്ന് നോമ്പ് ആചരിച്ചു. ബഹു: കെ.വി. ഏലിയാസ് അച്ചനും, വിജു ഏലിയാസ് അച്ചനും വചനശുശ്രൂഷകൾ നടത്തിയത് ഇടവകാംഗങ്ങൾക്ക് പ്രയോജനപ്രദവും അനുഗ്രഹകരവുമായിരുന്നു.

## ക്രിസ്റ്റീന മറിയം ചാക്കോ



മാർ അത്താനേഷ്യസ് H.S.S.അങ്കമാലിയിൽ 10.01.15-ൽ നടന്ന ഓർത്തഡോക്സ് യൂത്ത് മൂവ്മെന്റിന്റെ കേന്ദ്ര യുവജന കലാമേളയിൽ വയലിൻ, കഥാപ്രസംഗം എന്നീ ഇനങ്ങളിൽ ഈ ഇടവകാംഗമായ കുമാരി ക്രിസ്റ്റീന മറിയം ചാക്കോ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകാംഗങ്ങളായ ശ്രീ. ചാക്കോ ഫിലിപ്പിന്റെയും ശ്രീമതി മറിയമ്മ ചാക്കോയുടെയും മകളാണ് ക്രിസ്റ്റീന.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## വി. കുർബ്ബാനസമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Feb.8-10.30a.m., Feb.15-7.00a.m., Feb. 22-10.30a.m. Mar. 01- 7 a.m. |
| സെമിത്തേരിമുക്ക് ചാപ്പൽ: | Feb. 08 - 7.30 a.m., Feb. 22 - 7.30 a.m.<br>എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m. |

## നിര്യാതയായി



മരട് പൂണിത്തുറ ഐനിനടറോഡിൽ കിഴക്കെമുളക്കൽ **ശ്രീമതി ശാന്താജോൺ** (66) 29.01.2015ൽ നിര്യാതയായി. 30.01.2015 ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## ആർദ്രത റിലീഫ് സെന്റർ



**ആർദ്രത റിലീഫ് സെന്റർ** ജനുവരി മാസത്തെ ഡയാലസിസിനുള്ള ധനസഹായം, മുളന്തുരുത്തി കാതലിക്കേറ്റ് സെന്റർ സെക്രട്ടറി എബി പൊന്നോടത്ത് ജനറൽ ഹോസ്പിറ്റലിലെ ഡോ. കാതറിന് കൈമാറുന്നു. സാബു ചെറിയാൻ, കെ.കെ.ജോർജ്ജ്, കാതലിക്കേറ്റ് പ്രാർത്ഥനായോഗം ജന. കൺവീനർ വിദ്യാസൂസൻ ജോസ് എന്നിവർ സമീപം.